ഫിഷറീസ് വകുപ്പിന് കീഴിൽ മണലൂർ മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ

228(520) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ ഏതെല്ലാം; അവയുടെ എസ്റ്റിമേറ്റ് എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) കരാർ പ്രകാരം ഇവ എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) എന്നേക്ക് പണി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മണലൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനുകീഴിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേന നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ താഴെ പറയുന്നവയാണ്.

1.	തൊയ്ക്കാവ് -രാജീവ്ഗാന്ധി റോഡ്	- 14.20 ലക്ഷം രൂപ
2.	പുളിക്കക്കടവ് പണ്ഡാരമേട് റോഡ്	-/ 44.50 ലക്ഷം രൂപ
3.	തിരുനെല്ലൂർ - മസ്ജിദ് റോഡ്	- 13.50 ലക്ഷം രൂപ
4.	തണ്ണീർക്കായൽ റോഡ്	- 7.30 ലക്ഷം രൂപ

(ബി) (1) തൊയ്ക്കാവ് - രാജീവ് ഗാന്ധി റോഡിൽ ഫില്ലിംഗ് പ്രവൃത്തി പുരോഗമിക്കുന്നു.

(2) പുളിക്കക്കടവ്-പണ്ഡാരമേട് റോഡിന്റെ ഇനിഷ്യൽ ലെവൽ എടുത്തിട്ടുണ്ട്.

(3) തിരുനെല്ലൂർ - മസ്ജിദ് റോഡിന്റെ കലുങ്കിന്റെ പണി പൂർത്തീകരിച്ചു. ഫില്ലിംഗ് ഉടനെ ആരംഭിക്കുന്നതാണ്.

(4) തണ്ണീർക്കായൽ റോഡിന്റെ ഒന്നാംനിര മെറ്റലിംഗ് പൂർത്തിയായി രണ്ടാംനിര മെറ്റലിംഗിനുള്ള കളക്ഷൻ പുരോഗമിക്കുന്നു.

(സി)

1.	തൊയ്ക്കാവ് - രാജീവ് ഗാന്ധി റോഡ്	-	11-7-2010.
2.	പുളിക്കക്കടവ്-പണ്ഡാരമേട് റോഡ്	-	20-10-2010
3.	തിരുനെല്ലൂർ - മസ്ജിദ് റോഡ്	-	20-8-2010
4.	തണ്ണീർക്കായൽ റോഡ്	-	26-7-2010

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1. തൊയ്ക്കാവ് - രാജീവ് ഗാന്ധി റോഡ് - 31-3-2011
2. പുളിക്കക്കടവ്-പണ്ഡാരമേട് റോഡ് - 31-3-2011
3. തിരുനെല്ലൂർ - മസ്ജിദ് റോഡ് - 31-3-2011
4. തണ്ണീർക്കായൽ റോഡ് - 15-1-2011

കായംകുളം മണ്ഡലത്തിലെ പ്രവൃത്തികൾ

229(521) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07, 2007-08, 2008-09, 2009-2010, 2010-11 സാമ്പത്തിക വർഷങ്ങളിലായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഫിഷറീസ് വകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നും അതിന്റെ കാരണവും അവ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഇ) എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

പ്രവൃത്തികൾ	അനുവദിച്ച തുക (രൂപ)
(1)	(2)
2006-07	
കായംകുളം മുനിസിപ്പാലിറ്റിയിൽ ഫിഷ് മാർക്കറ്റ് നിർമ്മാണം ഫിഷറീസ് വകുപ്പുമന്ത്രിയുടെ കീഴിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പുമുഖേന താഴെപ്പറയുന്ന പ്രവൃത്തികൾകൂടി ഏറ്റെടുത്ത് നടത്തി വരുന്നു.	11.55 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly